**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1699** **03.05.2017-ൽ മറുപടിയ്ക്ക്**

# സ്വാശ്രയ മെഡിക്കൽ പ്രവേശനം

**ചോദ്യം.**

**ശ്രീ.ചിറ്റയം ഗോപകുമാർ :**
**ശ്രീമതി. ഇ.എസ്. ബിജിമോൾ :**
**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :**
**ശ്രീ. എൽദോ എബ്രഹാം :**

(എ) മുഴുവൻ സീറ്റിലും മെറിറ്റ് അടിസ്ഥാനത്തിൽ അഖിലേന്ത്യാ പ്രവേശന പരീക്ഷാ റാങ്ക് പട്ടികയിൽ (നീറ്റ്) നിന്ന് മാത്രമേ പ്രവേശനം നടത്താൻ പാടുള്ളൂവെന്നും, ഏകീകൃത ഫീസ് മാത്രമേ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കാൻ പാടുള്ളൂ എന്നുമുള്ള ബഹു. സുപ്രീം കോടതി വിധിയുടെതുടർന്നുള്ള സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്വാശ്രയ മെഡിക്കൽ പ്രവേശനം സംബന്ധിച്ച സർവ്വ കക്ഷി യോഗത്തിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങൾ വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് എന്തൊക്കെ തുടർ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഡി) പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുടുംബ വരുമാനമനുസരിച്ച് ഫീസ് ഇളവ് ലഭ്യമാക്കി പഠിക്കാനുള്ള അവസരം ഉറപ്പാക്കുന്ന വിധത്തിൽ എന്തൊക്കെ ക്രമീകരണങ്ങളാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

(എ), (ബി), (സി) & (ഡി) മെഡിക്കൽ പ്രവേശനത്തെയും ഫീസ് ഘടനയേയും സംബന്ധിച്ച് കേരള സംസ്ഥാന സ്വാശ്രയ/സ്വകാര്യ മെഡിക്കൽ/ദന്തൽ കോളേജുകളുടെ മാനേജ്മെന്റ് പ്രതിനിധികളുമായി ബഹു. കേരള മുഖ്യമന്ത്രി 27.03.2017 ൽ നടത്തിയ ചർച്ചയിൽ സ്വാശ്രയ സംരംഭം മുന്നോട്ട് നടത്തിക്കൊണ്ട് പോകാൻ കഴിയുന്ന വിധത്തിൽ യാഥാർത്ഥ്യ ബോധത്തോടെ ഫീസ് നിശ്ചയിക്കണമെന്ന് മാനേജ്മെന്റ് പ്രതിനിധികൾ അഭ്യർത്ഥിച്ചിരുന്നു. നീറ്റ് പ്രകാരമുള്ള മെഡിക്കൽ/ദന്തൽ/ അനുബന്ധ കോഴ്സുകളിലേക്ക് ഏകീകൃത ഫീസ് നടപ്പാക്കുകയേ നിലവിൽ വഴിയുള്ളൂവെങ്കിൽ പാവപ്പെട്ട കുട്ടികൾക്ക് എന്ത് സഹായം എങ്ങനെ നൽകാൻ കഴിയുമെന്ന് സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾ പരിശോധി- ക്കണമെന്ന് ബഹു. മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

നിലവിൽ നല്കുന്നതുപോലെ പാവപ്പെട്ട കുട്ടികൾക്ക് അവരുടെ പഠന സൗകര്യത്തിനായി സബ്സിഡി നിരക്ക് തുടർന്ന് കൊണ്ട്പോകണമെന്നും, നീറ്റ് പ്രവേശന പരീക്ഷയുടെ അന്തസത്തയെ ബാധിക്കാത്ത വിധത്തിൽ മെഡിക്കൽ പ്രവേശനം സംബന്ധിച്ച് ഒരു നിയമനിർമ്മാണം നടത്തണമെന്നും ഉള്ള അഭിപ്രായങ്ങളാണ് 20.03.2017 തീയതിയിൽ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുമായി ബഹു. മുഖ്യ മന്ത്രി

നടത്തിയ സർവ്വകക്ഷി യോഗത്തിൽ ഉണ്ടായത്.

സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിലെ അഡ്മിഷനും ഫീസും നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുതകുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന (Kerala Medical Education (Regulation and Council of Admission to Private Medical Educational Institution) ഒരു ഓർഡിനൻസ് സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ